Page 1 of 2

(സി) കോവിഡ് വാക്സിൻ സൈറ്റിലെ പിഴവുകൾ തിരുത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ഇത് കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

കോവിഡ് വാക്സിൻ സൈറ്റിലെ പ്രശ്നങ്ങൾ കേന്ദ്ര ആരോഗ്യകുടുംബക്ഷേമ മന്ത്രാലയത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. കോവിഡ് വാക്സിനേഷൻ സർട്ടിഫിക്കറ്റിനെ സംബന്ധിച്ചുള്ള പല പ്രശ്നങ്ങളും ഇതിനോടകം തന്നെ പരിഹരിച്ചിട്ടുണ്ട്. കോവിഡ് വാക്സിനേഷൻ സൈറ്റിനെ സംബന്ധിച്ചുള്ള മറ്റ് പ്രശ്നങ്ങൾ കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയത്തിന്റെ പരിഗണനയിലാണ്.

മിസ്സ് അഥവാ മൾട്ടിസിസ്റ്റം ഇൻഫ്ലമേറ്ററി സിൻഡ്രോം

263 (4988) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് മൂന്നാം തരംഗം കുട്ടികളുടെ ആരോഗ്യത്തിന് ഭീഷണിയാകാനിടയുണ്ടെന്ന റിപ്പോർട്ടുകളുടെ നിജസ്ഥിതി സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

കുട്ടികൾക്കുള്ള വാക്സിൻ ഇതുവരെ ലഭ്യമല്ലാത്തതുകൊണ്ടും ആദ്യ രണ്ടു തരംഗത്തിലും കോവിഡ് ബാധിക്കപ്പെട്ടത് വളരെക്കുറച്ച് കുട്ടികൾക്കാണെന്നതുകൊണ്ടും കോവിഡിന്റെ മൂന്നാം തരംഗം കുട്ടികളുടെ ആരോഗ്യത്തിന് ഭീഷണിയാകാനിടയുണ്ടെന്നും കുട്ടികളെ ബാധിച്ചേക്കാമെന്നുമുള്ള ആശങ്ക നിലനിൽക്കുന്നുണ്ട്. ഇപ്പോഴത്തെ വേഗതയിൽ വാക്സിൻ നൽകിയാൽ കുറച്ചു നാളുകൾ കൊണ്ട് 18 വയസ്സിന് മുകളിലുള്ളവർക്കെല്ലാം വാക്സിൻ ലഭിക്കും. കുട്ടികളുടെ വാക്സിൻ ലഭ്യമല്ലാത്തതിനാൽ കുട്ടികൾ മാത്രമാകും അപ്പോഴും വാക്സിൻ കിട്ടാതെ ശേഷിക്കുന്നതെന്നതും ആശങ്കയ്ക്ക് കാരണമാകുന്നു.

(ബി) മിസ്സ് അഥവാ മൾട്ടിസിസ്റ്റം ഇൻഫ്ലമേറ്ററി സിൻഡ്രോം ദക്ഷിണേന്ത്യയിൽ വ്യാപകമായേക്കാമെന്ന മെഡിക്കൽ വിദഗ്ധരുടെ മുന്നറിയിപ്പ് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) കോവിഡ് ബാധിച്ച കുട്ടികളെയോ കോവിഡ് ബാധിച്ച വ്യക്തിയുമായി സമ്പർക്കം പുലർത്തുന്ന കുട്ടികളേയോ ആണ് പ്രധാനമായും ഈ രോഗം ബാധിക്കാനിടയുള്ളതെന്ന വിദഗ്ധാഭിപ്രായം കണക്കിലെടുത്ത് എന്തെല്ലാം ജാഗ്രതാ നിർദ്ദേശമാണ് ഇക്കാര്യത്തിൽ നൽകിയിട്ടുള്ളതെന്ന് അറിയിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

മൾട്ടി സിസ്റ്റം ഇൻഫ്ലമേറ്ററി സിൻഡ്രോം (MIS-C) എന്നത് വൈറൽ രോഗങ്ങൾ കുട്ടികളിൽ ഉണ്ടാക്കാവുന്ന രോഗങ്ങളുടെ ഒരു ശ്രേണിയാണ്. ശരീരത്തിലെ മിക്ക അവയവങ്ങളെയും കോശങ്ങളെയും ഒരുപോലെ ബാധിക്കാവുന്ന ഈ രോഗം കോവിഡ്-19 വന്ന കുട്ടികളിലും കോവിഡ് മുക്തരായ കുട്ടികളിലും കണ്ടുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മൂന്നാം തരംഗത്തിൽ കുട്ടികളെയാണ് രോഗം കൂടുതലായി ബാധിക്കുക എന്ന ആശങ്ക ലോകമെമ്പാടും നിലനിൽക്കുന്ന സാഹചര്യത്തിൽ കേരളത്തിലും കുട്ടികൾക്ക് വേണ്ടിയുള്ള ചികിത്സാ സംവിധാനങ്ങൾ വർദ്ധിപ്പിക്കുന്നതിനു വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. താലൂക്ക് ആശുപത്രി, ജില്ലാ ആശുപത്രി, ജനറൽ ആശുപത്രി, സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി, അമ്മയും കുഞ്ഞും ആശുപത്രി എന്നിവിടങ്ങളിൽ High Dependency Unit സ്ഥാപിക്കുന്നതിനുവേണ്ട ക്രമീകരണങ്ങളേർപ്പെടുത്തിയിട്ടുണ്ട്. എല്ലാ മെഡിക്കൽ കോളേജുകളിലും ഏറ്റവും കുറഞ്ഞത് പത്ത് പീഡിയാട്രിക് ഐ.സി.യു. കിടക്കകൾ സജ്ജീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ, രോഗമുള്ളവരുമായി കുട്ടികൾ അകലം പാലിക്കുന്നുണ്ടെന്ന് രക്ഷാകർത്താക്കൾ ഉറപ്പുവരുത്തേണ്ടതും മറ്റുള്ളവരെപ്പോലെതന്നെ കുട്ടികളും എസ്.എം.എസ്. പ്രതിരോധം പാലിക്കേണ്ടതുമാണ്. ഇതിനായുള്ള അവബോധം മീഡിയ വഴി നിരന്തരമായി നൽകുന്നുണ്ട്.

കോവിഡ് പ്രതിരോധ വാക്സിനേഷൻ സംവിധാനത്തിലെ പോരായ്മകൾ

264 (4989) ശ്രീ. ടി. വി. ഇബ്രാഹിം:

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:

ശ്രീ. കെ. പി. എ. മജീദ്:

ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ ഏർപ്പെടുത്തിയിരിക്കുന്ന കോവിഡ് പ്രതിരോധ വാക്സിനേഷൻ സംവിധാനം സാധാരണക്കാർക്ക് പ്രയോജനകരമല്ലെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ?

കോവിഡ്-19-ന്റെ ഫലപ്രദമായ പ്രതിരോധത്തിനായി അർഹരായ എല്ലാവർക്കും എത്രയുംപെട്ടെന്ന് വാക്സിനേഷൻ ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടെ എല്ലാവിധ പ്രവർത്തനങ്ങളും നടത്തിവരുന്ന സംസ്ഥാനമാണ് കേരളം. 4-8-2021 വരെ സംസ്ഥാനത്ത് 2,12,08,758 ഡോസ് വാക്സിൻ നൽകുകയുണ്ടായി. ഇതിൽ സാധാരണക്കാരും മുൻനിര പോരാളികളും മുതിർന്നവരും കിടപ്പുരോഗികളും ഗർഭിണികളും മുൻഗണനാടിസ്ഥാനത്തിലുള്ളവരും 18 വയസ്സിന് മുകളിൽ പ്രായമുള്ളവരും ഉൾപ്പെട്ടിട്ടുണ്ട്.